**QP CODE** **Enrollment Number: ..........................**

**H1064** **Name: ............................................**

**BA DEGREE EXAMINATIONS, FEBRUARY 2026**

**Fifth Semester**

**B.A. Malayalam Language and Literature**

**B21ML05DE – കേരളീയ നവോത്ഥാനം**

**(2022 admissions)**

**(Supplementary/Improvement)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റ വാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക. ഒരു മാർക്ക് വീതം**

1. ക്ഷേത്രപ്രവേശന വിളംബരം നടന്ന വർഷം ഏതാണ്?
2. ഏത് മാസികയിലാണ് പുല്ലേലിക്കുഞ്ചു പ്രസിദ്ധീകരിച്ചത്?
3. ഹേബർമാസ് മുന്നോട്ട് വച്ച സിദ്ധാന്തം ഏതാണ്?
4. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ക്യാപ്റ്റൻ ആരായിരുന്നു?
5. തൊണ്ണൂറാമാണ്ട് സമരം എന്നറിയപ്പെട്ടസമരം ഏത്?
6. 'പുലയമഹാരാജാവ് ' എന്ന് അയ്യങ്കാളിയെ വിശേഷിപ്പിച്ചതാര്?
7. ഈഴവ മെമ്മോറിയൽ ഏതു വൈസ്രോയിക്കാണ് സമർപ്പിച്ചത്?
8. എസ് എൻ ഡി പി യോഗത്തിന്റെ സ്ഥാപക സെക്രട്ടറി ആരായിരുന്നു?
9. ചട്ടമ്പി എന്ന വാക്കിന്റെ അർത്ഥം എന്ത്?
10. വി.ടി. ഭട്ടതിരിപ്പാട് രചിച്ച നാടകം?
11. സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപക പത്രാധിപർ ആരായിരുന്നു?
12. അയ്യാസ്വാമിയെ ഗുരുവായി സ്വീകരിച്ച തിരുവിതാംകൂർ രാജാവ് ആരാണ്?
13. സഹോദരൻ അയ്യപ്പൻ നടത്തിയ പ്രക്ഷോഭം ഏത്?
14. അയ്യാ വൈകുണ്o സ്വാമികളുടെ ജന്മദേശം?
15. 'ജാതിവ്യവസ്ഥയും കേരള ചരിത്രവും' എന്ന ഗ്രന്ഥം രചിച്ചതാര് ?

**(1X10=10)**

## സെക്ഷൻ ബി

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതം**

16. വില്ലുവണ്ടി സമരത്തിന്റെ ചരിത്രപ്രാധാന്യം കണ്ടെത്തുക.
17. പൊയ്കയിൽ അപ്പച്ചൻ നവോത്ഥാന കേരളത്തിന് നൽകിയ സംഭാവനകൾ പരിചയപ്പെടുത്തുക.

18. താലികെട്ട് കല്യാണം എന്നാൽ എന്ത്?
19. നിർവചനം എഴുതുക - നവോത്ഥാനം.
20. മക്തി തങ്ങളുടെ രണ്ട് പ്രധാന സംഭാവനകൾ പരിചയപ്പെടുത്തുക.
21. യാചനായാത്രയുടെ ലക്ഷ്യം എന്തായിരുന്നു?
22. കയ്യൂർ സമരത്തിന്റെ ചരിത്ര പ്രാധാന്യം എന്ത്?
23. മിതവാദിയുടെ സാംഗത്യമെന്തെന്ന് വിശദമാക്കുക.
24. അയ്യാവഴി എന്നാൽ എന്ത്?
25. പന്തിഭോജനത്തിന്റെ ചരിത്രപ്രാധാന്യം അടയാളപ്പെടുത്തുക.

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതം**

26. വൈക്കം സത്യഗ്രഹത്തിന്റെ ലക്ഷ്യം എന്തായിരുന്നു ?
27. എസ്. എൻ. ഡി. പി യോഗത്തിന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക.
28. മലയാളി മെമ്മോറിയലിന്റെ പ്രാധാന്യം വിശദമാക്കുക.
29. നവോത്ഥാന കേരളത്തിലെ കർഷക സമരങ്ങൾ സാമാന്യമായി പരിചയപ്പെടുത്തുക.
30. യോഗക്ഷേമ സഭയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?
31. ചട്ടമ്പിസ്വാമികളുടെ സാമൂഹിക പരിഷ്കരണ നയങ്ങൾ വിശദമാക്കുക.
32. സാമൂഹിക സേവന മേഖലയിൽ ചാവറ അച്ചന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
33. ആലുവ സർവ്വമത സമ്മേളനത്തിന്റെ പ്രാധാന്യം വിശദമാക്കുക.
34. കേരള നവോത്ഥാനത്തിൽ അയ്യങ്കാളിയുടെ സ്ഥാനം അടയാളപ്പെടുത്തുക.
35. എഴുത്തച്ഛന്റെ കൃതികൾ കേരളത്തിലെ സാമൂഹിക സാംസ്കാരിക മേഖലകളിൽ വരുത്തിയ ചലനം വിശദമാക്കുക.
36. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ചരിത്ര പ്രാധാന്യം വിശദമാക്കുക.
37. പൊതുവിദ്യാഭ്യാസം കേരളത്തിന്റെ നവോത്ഥാനത്തിൽ വഹിച്ച പങ്ക് വിശദമാക്കുക.

**(5X6=30)**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്ത് മാർക്ക് വീതം**

38. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങൾ നവോത്ഥാനത്തിലേക്ക് വഴിതെളിച്ചതെങ്ങനെ? ഉപന്യസിക്കുക.
39. കേരളത്തിലെ നവോത്ഥാന നായകൻമാരെയും അവരുടെ പ്രവർത്തന മേഖലകളയും സമഗ്രമായി അവതരിപ്പിക്കുക.
40. കേരള നവോത്ഥാനത്തിന് പത്രമാസികകൾ വഹിച്ച പങ്ക് എന്താണെന്ന് വിശദമാക്കുക.
41. ശ്രീ നാരായണഗുരുവിന്റെ സാഹിത്യ സംഭാവനകൾ വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

**(10X2=20)**